ഉത്തരം

(എ) ഉണ്ട്.

(ബി) ഗവി, കൊച്ചുപമ്പ, പമ്പാവാലിക്കിസുമം, ആങ്ങമൂഴി, വെച്ചൂച്ചിറ, കുരുമ്പൻമൂഴി എന്നീ സ്ഥലങ്ങളിൽ നിന്നും പത്തനംതിട്ട ഡി. ഇ. ഒ. ഓഫീസിലേക്ക് വരുവാനുള്ള ദൂരം യഥാക്രമം 135, 127, 70, 75, 60, 70 കിലോമീറ്ററാണ്.

(സി) റാന്നി കേന്ദ്രമാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ യാതൊന്നും നിലവിലില്ല.

നിയമനനിരോധനം

97 [5757] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനനിരോധനം സർക്കാർ പൂർണ്ണമായി പിൻവലിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എയ്ഡഡ് സ്കൂളുകളിലെ അഡീഷണൽ പോസ്റ്റുകൾക്ക് നിയമനാംഗീകാരം നൽകാൻ നടപടി എടുക്കുമോ;

(സി) 29-10-2001-ന് ശേഷമുള്ള അഡീഷണൽ പോസ്റ്റുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ എൽ. പി., യു. പി. അസിസ്റ്റന്റ് തസ്തികയിൽ 567 ഒഴിവുകൾ ഉണ്ടെങ്കിലും ഈ വർഷം വന്ന ഒഴിവുകളുടെ 65% ആയ 221 വേക്കൻസികളിൽ മാത്രം പി. എസ്. സി. നിയമനം നടത്തിയാൽ മതി എന്ന് തീരുമാനിച്ചതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) നിയമനങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ ഭാഗികമായി പിൻവലിച്ചിട്ടുണ്ട്.

(സി) സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി നടത്തിയിട്ടുള്ള നിയമനങ്ങൾ അംഗീകരിക്കാനാവില്ല.

(ഡി) 221 വേക്കൻസികൾ മാത്രം പി. എസ്. സി. വഴി നിയമനം നടത്തിയാൽ മതിയെന്ന് തീരുമാനിച്ചിട്ടില്ല.

അദ്ധ്യാപന പരിചയമുള്ള ഹൈസ്ക്കൂൾ അദ്ധ്യാപകരെ സീനിയർ അദ്ധ്യാപകരായി നിയമിക്കുവാൻ നടപടി

98 [5758] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly